(ബി) ഇപ്പോഴും പൂട്ടികിടക്കുന്ന സ്ഥാപനങ്ങൾ തുറന്നു പ്രവർത്തിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 6-9-2000-ലെ ജി. ഒ. (ആർ‌ടി) 3224/2000 തൊഴിൽവകുപ്പു ഉത്തരവുപ്രകാരം പൂട്ടികിടന്നിരുന്ന സംസ്ഥാനത്തെ 12 ഫാക്ടറികളിലെ 2834 തൊഴിലാളികൾക്ക് 1000 രൂപാ നിരക്കിൽ എക്സ്ഗ്രേഷ്യോ/ ഫെസ്റ്റിവൽ അലവൻസായി വിതരണം ചെയ്യുകയുണ്ടായി.

(ബി) സംസ്ഥാനത്ത് ഏതെങ്കിലും സ്ഥാപനത്തിൽ തൊഴിൽപ്രശ്നം ഉള്ളതായി അറിയുവാൻ കഴിഞ്ഞാൽ തൊഴിൽവകുപ്പ് ഉദ്യോഗസ്ഥർ 1947-ലെ തൊഴിൽ തർക്കത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി അനുരഞ്ജന നടപടികൾ സ്വീകരിച്ച് പ്രശ്നങ്ങൾ ഒത്തുതീർപ്പാക്കാൻ ശ്രമിക്കുന്നു. തർക്കവിഷയം ഒത്തു തീർപ്പാക്കാൻ കഴിഞ്ഞില്ലായെങ്കിൽ ജില്ലാ ലേബർ ഓഫീസർ ജോയിന്റ് ലേബർകമ്മീഷണർ എന്നിവർ 1947-ലെ തൊഴിൽതർക്ക നിയമത്തിലെ 12 (4) വകുപ്പുപ്രകാരം നൽകുന്ന പരാജയറിപ്പോർട്ട് ലേബർ കമ്മീഷണർ മുഖേന കോടതിയുടെ തീരുമാനത്തിനായി ശുപാർശ ചെയ്തുപോകുന്നു. കെ.എസ്. ഐ.ഡി.സി. യുടെ സഹായത്തോടെ ആരംഭിച്ചതും എന്നാൽ ഇപ്പോൾ പൂട്ടികിടക്കുന്നതുമായ ചില വ്യവസായ യൂണിറ്റുകൾ തുറക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിക്കുന്ന വിവരം അനുബന്ധത്തിൽ കൊടുത്തിരിക്കുന്നു.†

വി. ആർ. എസ്.

148 (1414) ശ്രീമതി റോസമ്മ ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വി.ആർ.എസ്. സംസ്ഥാനത്ത് ഏതെല്ലാം സ്ഥാപനങ്ങളിൽ നടപ്പാക്കിയിട്ടുണ്ട് ;

(ബി) എന്തുകൊണ്ടാണ് വി.ആർ.എസ്. നടപ്പിൽവരുത്തേണ്ടിവന്നത് ;

(സി) വി. ആർ. എസ്. ഈ ഗവൺമെന്റിന്റെ നിയമത്തിനനുസൃതമായ നടപടിയാണോ ;

(ഡി) എങ്കിൽ ഇതുകൊണ്ടുണ്ടാകുന്ന നേട്ടം വ്യക്തമാക്കുമോ ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന താഴെപറയുന്ന സ്ഥാപനങ്ങളിൽ വി.ആർ.എസ്. നടപ്പാക്കിയിട്ടുണ്ട്.

† അനുബന്ധം VIII

LIBRARY ARCHIVES Kerala Legislative Assembly

1. കേരളാ സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്.
2. കേരളാ സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡ്.
3. ദി ചാലക്കുടി റിഫ്രാക്ടറീസ് ലിമിറ്റഡ്.
4. കെൽട്രോൺ പവർ ഡിവൈസസ് ലി.
5. സീതാറാം ടെക്സ്റ്റയിൽസ് ലി.
6. മന്നം ഷുഗർമിൽസ് കോ-ഓപ്പറേറ്റീവ് ലി.
7. ട്രാവൻകൂർ പ്ലൈവുഡ്, ഇൻഡസ്ട്രീസ് ലി.
8. കേരളാസ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ ലി.
9. ട്രിവാൻഡ്രം സ്പിന്നിഗ് മിൽസ് ലി.
10. സ്റ്റീൽ കോപ്ലക്സ് ലി.
11. കണ്ണൂർ കോ-ഓപ്പറേറ്റീവ് സ്പിന്നിഗ് മിൽസ്.
12. കെൽട്രോൺ.

(ബി-ഡി) ഉദാരവത്ക്കരണത്തിന്റെയും ആഗോളവത്ക്കരണത്തിന്റെയും ഫലമായി കമ്പനികൾ നേരിടേണ്ടിവരുന്ന മത്സരത്തെ അതിജീവിക്കാൻ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ പ്രാപ്തമാക്കുന്ന പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഒരു ഭാഗമായിട്ടാണ് സർക്കാർ വി.ആർ.എസ്. നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ പൊതുമേഖലയിൽതന്നെ നിലനിർത്തികൊണ്ടുള്ള പുനരുദ്ധാരണത്തിനാണ് വ്യവസായ നയം ഊന്നൽ നൽകുന്നത്. Planning & Economic affairs (BPE) Dept. ന്റെ സർക്കുലർ നമ്പർ 6038/ BPEI 17-11-1995 പ്രകാരമാണ് വി.ആർ.എസ്. നടപ്പിലാക്കിവരുന്നത്. പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ആധുനിക സാങ്കേതിക വിദ്യ അനുസരിച്ച് ഉത്പാദനക്ഷമത കൂടിയ മെഷീനറികൾ സ്ഥാപിക്കുമ്പോൾ ജീവനക്കാരുടെ പ്രവർത്തനക്ഷമതകൂടി കണക്കിലെടുക്കേണ്ടിവരുന്നതിനാലാണ് വി.ആർ.എസ്. നടപ്പിൽവരുത്തുന്നത്. ഇതിനോടൊപ്പംതന്നെ മെഷീനറികളുടെ ആധുനികവത്കരണം, മാനേജ്മെന്റിനെ ശക്തിപ്പെടുത്തൽ, പെർഫോർമൻസ് കോൺട്രാക്ട് തുടങ്ങിയ നടപടികളും പുനരുദ്ധാരണ പ്രവർത്തനങ്ങളുടെ ഭാഗമായി സർക്കാർ നടപ്പിലാക്കിവരുന്നു. ഈ കമ്പനികളിൽ വി.ആർ.എസ്. നടപ്പിലാക്കിയതിനുശേഷമുള്ള പുരോഗതി വിലയിരുത്താനുള്ള സമയമായിവരുന്നതേയുള്ളൂ.

കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽ കോർപ്പറേഷൻ മില്ലുകളുടെ നവീകരണം.

149 (1415) ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ടെക്സറ്റയിൽ കോർപ്പറേഷൻ മില്ലുകളുടെ നവീകരണത്തിനു വേണ്ടി വ്യവസായ പുനരുദ്ധാരണ ഫണ്ടിൽനിന്നും എത്ര കോടി രൂപയാണ് കെ.എസ്.ടി.സി. യുടെ വിവിധ മില്ലുകൾക്കായി അനുവദിച്ചത് എന്നറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly